# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1496

2.07.2015 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേനയുള്ള പദ്ധതികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.പി.ടി.എ. റഹിം | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) |

(എ) ന്യൂനപക്ഷക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പ് മുഖേന നടപ്പുവർഷം താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധിയും പെൻഷൻ പദ്ധതിയും.
2. മുസ്ലിം യുവജനതയ്ക്കായുള്ള പരിശീലനകേന്ദ്രങ്ങൾ.
3. സി.എച്ച്. മുഹമ്മദ്കോയ മുസ്ലിം ഗേൾസ് സ്കോളർഷിപ്പ്.
4. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ കുടിവെള്ള വിതരണ പദ്ധതി.
5. സ്വകാര്യ ഐ.റ്റി.ഐ.-യിൽ വിവിധ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള ഫീ റീ-ഇംബേഴ്സ്മെന്റ് സ്കീം.
6. വിധവ / വിവാഹബന്ധം വേർപെടുത്തിയ / ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഭവന നിർമ്മാണ പദ്ധതി.
7. ചാർട്ടേർഡ് അക്കൗണ്ടൻസി / കോസ്റ്റ് വർക്ക് അക്കൗണ്ടൻസി / കമ്പനി സെക്രട്ടറിഷിപ്പ് എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്.
8. കരിയർ ഗൈഡൻസ് പരിശീലനം.
9. ന്യൂനപക്ഷ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഹ്രസ്വകാല ഗവേഷണത്തിന് ഫെല്ലോഷിപ്പ് നൽകുന്നതിനുള്ള പദ്ധതി.
10. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം നടത്തുന്നവർക്ക് കോഴ്സ് ഫീസ് / ഹോസ്റ്റൽ ഫീസ് റീ-ഇംബേഴ്സ്മെന്റ്.
11. ഉറുദു ഒന്നാം ഭാഷയായെടുത്ത് 2012-13 വർഷത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

12. മദ്രസ്സാദ്ധ്യാപകർക്കും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹ ധനസഹായ പദ്ധതി.
13. മദ്രസ്സാ ക്ഷേമനിധി അംഗങ്ങളുടെ മക്കളിൽ എല്ലാ വിഷയങ്ങൾക്കും എ+ ഗ്രേഡ് നേടിയ വിദ്യാർത്ഥികൾക്ക് ക്യാഷ് അവാർഡ്.

തുടങ്ങിയവ.

(ബി) ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് സൗജന്യ പരിശീലനം നൽകുന്ന എത്ര സ്ഥാപനങ്ങളാണ് കോഴിക്കോട് ജില്ലയിലുള്ളതെന്ന് വിശദമാക്കാമോ ;

(ബി) കോഴിക്കോട് ജില്ലയിൽ മുസ്ലിം യുവജനതയ്ക്കായുള്ള ഒരു പരിശീലനകേന്ദ്രവും ഒരു സബ്സെന്ററും പ്രവർത്തിച്ചു വരുന്നു.

(സി) ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശമെന്ന നിലയിൽ ദൂരപരിധിയിൽ ഇളവുനൽകി ജില്ലയിൽ പുതിയ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ?

(സി) ഇത്തരത്തിലുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല,

സെക്ഷൻ ഓഫീസർ